പതിനാലാം കേരള നിയമസഭ

18-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1343 — 06.02.2020-ൽ മറുപടിക്ക്

## നദികളിലെ മണൽ വാരുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | നദികളിലും മറ്റും അടിഞ്ഞു കിടക്കുന്ന മണലും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. പ്രളയം നിമിത്തം നദികളിൽ അടിഞ്ഞ് കൂടിയ മണ്ണും ചെളിയും നീക്കി നദികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് 24.12.2019-ലെ സ.ഉ(സാധാ) നം.3880/2019/റവ ഉത്തരവു പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണലും മാലിന്യങ്ങളും അടുത്ത മഴക്കാലത്തിനു മുൻപ് നീക്കം ചെയ്യുവാൻ കഴിയുമോ; ആയതിന്റെ നടപടി പുരോഗതി അറിയിക്കാമോ; | (ബി) | കഴിയും. ജില്ലാ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | മണൽ വാരുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | സ.ഉ(സാധാ) നം.3880/2019/റവ നമ്പർ സർക്കാർ ഉത്തരവിൽ മണ്ണും ചെളിയും നീക്കം ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്യപ്പെടുന്ന വേളയിൽ നദീതീരങ്ങളുടെയും നദീതടങ്ങളുടെയും സുരക്ഷയും ഉറപ്പും ജില്ലാ കളക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്. ജില്ലാ കളക്ടർമാർക്ക്, അവർക്ക് ഉചിതമെന്നു തോന്നുന്ന രീതിയിൽ അവശിഷ്ടങ്ങൾ നീക്കം ചെയ്യാവുന്നതാണ്. ജിയോളജി, ജലവിഭവ വകുപ്പുകളിലെ സാങ്കേതിക വിദഗ്ധരുടെ സേവനം അവർക്ക് ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ